കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.4)03/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം സിവിൽ
സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :16.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- തുറവൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

ബിന്ദു

നം.കെ.എസ്.എ.ഇകെഎം(പി.4)03/2020 തീയതി : 16.01.2020

## എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.9.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.12.2019 മുതൽ 31.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. കവിതാദേവി.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപകുമാർ.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രസാദ്.പി.ജി | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീ. ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

.

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വൈ.വർഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |

## സെക്രട്ടറി

.

| പേര് | കാലയളവ് |
|---|---|
| ശ്രീ.മുഹമ്മദ് സിറാജ് പി.എ | 01.04.2018 മുതൽ 31.03.2019വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എ. വി. ഷാജൻ | 01.04.2018 | 13.08.2018 |
| (14.08.18-05.10.18 വരെ ഒഴിവ് ) | ശ്രീമതി ദീപ കെ.സി | 06.10.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അരുൺ ബി.കൃഷ്ണ | 01.04.2018 | 31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി റീന പി.ടി. | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി പി. രാജശ്രീ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു തോമസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സിനി ഇഗ്നേഷ്യസ് | 01.04.2018 | 31.03.2019 |
| അസിസ്റ്ററന്റ് എഞ്ചിനീയർ | ശ്രീമതി അനപ്രിയ ആർ. | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജ്ജൻ | ഡോ.പ്രിയ മാത്യു | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ എ. | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുറവൂർ) | ശ്രീമതി ജോയ്സി കെ.ജെ. | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ | ശ്രീമതി സിമ്മി യു. | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| ഓഫീസർ (കിടങ്ങൂർ) | ബി. | | |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് ലഭ്യമല്ല. | 1-14 |
| 15 | സ്യൂട്ട് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ | 1-15 |
| 16 | പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ | 1-16 |
| 17 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ക്ഷമതയുള്ള എൻജിനീയറുടെ വാല്യൂവേഷൻ ലഭ്യമാക്കണം | 1-17 |
| 18 | എക്സ്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ല | 1-18 |
| 19 | തുടർ വിദ്യാഭ്യാസനടത്തിപ്പ്-നിരീക്ഷിക്കേണ്ടതാണ് | 1-19 |
| 20 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- സെന്റേജ് ചാർജ് അധികം നൽകി | 1-20 |
| 21 | വീട് വാസയോഗ്യമാക്കൽ - പദ്ധതി അപാകതകൾ | 1-21 |
| 22 | ലൈഫ് മിഷൻ ഭവനപദ്ധതി-അവലോകനം | 1-22 |
| | ഭാഗം-2 -ഇല്ല | |
| | ഭാഗം-3 | |
| 23 | എക്സ്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ല.- അധികം നല്കിയ തുക തിരികെ ഈടാക്കണം | 3-1 |
| | ഭാഗം-4 | |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 24 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 32 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 37 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.03.2018 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13.02.2019 ലെ 2 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 30.04.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 98,44,529.52 |
| വരവ് | 7,20,88,349 |
| ആകെ | 8,19,32,878.52 |
| ചെലവ് | 7,05,72,767 |

| | |
|---|---|
| നീക്കിയിരിപ്പ് | 1,13,60,111.52 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | | 0 | 1,11,21,699 | 1,11,21,699 | 1,11,21,699 | 0 | 0 |
| വികസനഫണ്ട്- എസ്.സി.പി. | | 0 | 34,99,000 | 34,99,000 | 27,93,576 | 7,05,424 | 0 |
| വികസനഫണ്ട് - ടി.എസ്.പി. | | 0 | 1,91,000 | 1,91,000 | 0 | 1,91,000 | 0 |
| സംരക്ഷണഗ്രാന്റ്- റോഡ് | | 0 | 1,46,80,000 | 1,46,80,000 | 1,25,28,594 | 21,51,406 | 0 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | | 0 | 27,80,000 | 27,80,000 | 27,75,100 | 4,900 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 51,81,000 | 51,81,000 | 51,81,000 | 0 | 0 |
| സാക്ഷരത | | 100143.64 | 3551 | 103694.64 | 100004 | 0 | 3690.64 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിൽ കൂലി | 0 | 1,52,33,153 | 1,52,33,153 | 1,52,33,153 | 0 | 0 |
| | അഡ്മിനി സ്ട്രേഷൻ ചെലവ് | 3,164 | 3,73,771 | 3,76,935 | 3,72,015 | 0 | 4,920 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷ കാഹാരം | | 6,97,984 | 5,91,200 | 12,89,184 | 5,50,000 | 0 | 7,39,184 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചാ യത്ത് | 15,42,150 | 16,44,560 | 31,86,710 | 28,26,710 | 0 | 3,60,000 |
| | ജില്ലാ പഞ്ചാ യത്ത് | 35,00,000 | 30,23,318 | 65,23,318 | 54,83,318 | 0 | 10,40,000 |
| ബി ഫണ്ട് | | 0 | 4,16,30,076 | 4,16,30,076 | 4,16,30,076 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 86,86,723.88 | 1,26,72,891 | 2,13,59,614.88 | 1,16,55,960 | 0 | 97,03,654.88 |
| | ട്രഷറി അക്കൗണ്ട് | -5,48,459 | 1,29,34,986 | 1,23,86,527 | 1,23,14,531 | 0 | 71,996 |
| എസ്.ബി.ഐ- ലൈഫ് | | 0 | 41,15,345 | 41,15,345 | 40,83,124 | 0 | 32,221 |
| ദുരിതാശ്വാസനിധി | | 11769 | 407 | 12176 | 61 | 0 | 12115 |
| എം.എൻ ലക്ഷം വീട്- എസ്.ബി.ഐ | | 101 | 1 | 102 | 102 | 0 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 11,91,67,397 | 132 | 5,67,09,054 | 34 | 4 | 77.65% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3,164 | 3,73,771 | 3,76,935 | 3,72,015 | 4,920 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,52,33,153 | 1,52,33,153 | 1,52,33,153 | 0 |
| ആകെ | 3,164 | 1,56,06,924 | 1,56,10,088 | 1,56,05,168 | 4,920 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13,200 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 21,07,200 | 163 |
| വിധവാപെൻഷൻ | 1,12,36,500 | 942 |
| വാർദ്ധക്യകാലപെൻഷൻ | 2,34,47,200 | 2043 |
| വികലാംഗപെൻഷൻ | 38,58,200 | 301 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 8,93,600 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2019 3.15 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 4,616/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളുമെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചുകാണുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് ( ഉദാഹരണത്തിന് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ടൻചിറയുടെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ) സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ എല്ലാ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിൽ രണ്ട് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലൈബ്രറികൾക്ക് കാലികമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതായി കാണുന്നില്ല. തുറവൂർ പഞ്ചായത്ത് ലൈബ്രറിയിൽ 2016-ലും, കിടങ്ങൂർ ലൈബ്രറിയിൽ 2018ലും പുസ്തകങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

2018-19 വർഷം മരാമത്ത് പ്രവൃത്തികളിൽ തനത് ഫണ്ട് ഉപയോഗിച്ച് 21 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. നികുതി വരുമാനം താരതമ്യേന കുറവായ തുറവൂർ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് അടിയന്തിര മരാമത്ത് പ്രവൃത്തികൾ മാത്രം ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 06.12.2019 | നവംബർ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2019 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2014 | 2009-10മുതൽ 2013-14 വരെ | 20.10.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

**RP 10** ഷെഡ്യൂളിലെ **180800199-miscellaneous receipts** എന്ന ഹെഡിലെ **1,91,728/-** രൂപയുടെ വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. **B11** ഷെഡ്യൂളിൽ **capital work in progress** ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എ.ഇ നിർവ്വഹണം നടത്തിയ ചില പദ്ധതികൾക്ക് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പാർട്ട് ബിൽ നല്കുന്ന തുകയുടെ വിവരം ഈ ഹെഡിൽ ചെർക്കേണ്ടതാണ്. മറ്റ് അപാകതകൾ ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 14 വാർഡുകളിലായി വാണിജ്യാവശ്യത്തിനായി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 969 ആണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം 282 ആണ്. ഇതിൽ നിന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവക്കെതിരെ കേരള പഞ്ചായത്ത് രാജ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

**(എ) <u>കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

തുറവൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാർ പ്രകാരം പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിവരുന്ന താഴെ പറയുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കെ.കെ.യാക്കോബ്, കരേടത്ത്.
2. റോയ് കുര്യൻ, കരേടത്ത്.

3. പി.വി.ബേബിച്ചൻ.
4. ബൈജു വി.മംഗലി.
5. വി.വി.രാജൻ
6. വി.വി.സന്തോഷ് കുമാർ
7. സിജോ പി.എൽ.
8. കെ.പി.ജോസ്
9. എം.ജെ.ബേബി.
10. ലോറൻസ്
11. സാബു സെബാസ്റ്റ്യൻ.

മേൽ പറഞ്ഞ കരാറുകാരുടെ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കരാറുകാരുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാണ്ടേതാണ്.

**(ബി) <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

1. ആനപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം
2. ദേവഗിരി ക്ഷീരോല്പാദക സഹകരണ സംഘം
3. കിടങ്ങൂർ ക്ഷീരോല്പാദക സഹകരണ സംഘം
4. ഉൗറവൂർ ക്ഷീരോല്പാദക സഹകരണ സംഘം

എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2018-19-ലെ രണ്ട് അർദ്ധ വർഷത്തിലേയും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

**(സി) <u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

ഉൗറവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

1. ആനപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം
2. ദേവഗിരി ക്ഷീരോല്പാദക സഹകരണ സംഘം

എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2018-19-ലെ രണ്ട് അർദ്ധ വർഷത്തിലേയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

# 1-14 ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ്

## ലഭ്യമല്ല

01.01.2019 തീയതിയിലെ രസീത് നം.28 (രസീത് ബുക്ക് നം. 3469) പ്രകാരം ടെണ്ടർ ഫോം വിലയായി 560/-രൂപ ശ്രീ.എം.ജെ ബേബിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ടി രസീത് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രസീതിന്റെ പകർപ്പ് ലഭ്യമല്ല.

രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/28.12.2019) നൽകിയെങ്കിലും, പകർപ്പ് ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ക്യാൻസൽ ചെയ്ത ഒറിജിനൽ രസീതും പകർപ്പും ക്യാൻസൽ ചെയ്തതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 1-15 സ്യൂട്ട് രജിസ്റ്റർ സംബന്ധിച്ച അപാകതകൾ

ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട കേസ് ഫയലുകൾ പരിശോധിച്ചതിൽ കേസുകളിൽ കൃത്യമായ തുടർ നടപടികൾ സ്വീകരിക്കുകയോ, യഥാസമയം കോടതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കുകയോ, മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. സ്യൂട്ട് രജിസ്റ്റർ വ്യക്തമായി എഴുതി സൂക്ഷിക്കുകയോ ഡിജിറ്റൈലസ് ചെയ്ത് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ ഗ്രാമ പഞ്ചായത്തിനെതിരെ നിലവിലുണ്ടെന്നോ ടി കേസുകളുടെ നിലവിലെ അവസ്ഥ എന്തെന്നോ സ്യൂട്ട് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ സംമ്പന്ധിച്ച വിവരങ്ങൾ ഹൈക്കോടതിയുടെ വെബ്സൈറ്റിൽ നിന്നും, സബോർഡിനേറ്റ് കോടതികളിലെ വിവരങ്ങൾ eCourt Service-ൽനിന്നും ലഭ്യമാകുമെന്നിരിക്കെ കേസുകൾ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് അപാകതയാണ്. മേൽ വിവരിച്ച പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

# 1-16 പൊതു ടാപ്പുകൾ- വെള്ളക്കരം അടവാക്കുന്നത് ടാപ്പുകളുടെ കൃത്യമായ കണക്കില്ലാതെ

ഗ്രാമപഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,13,750/- രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. 2018-19 വർഷം ഇതിലേക്കായി പ്രോജക്റ്റ് (നം 43/18-19) രൂപീകരിച്ച് അംഗീകാരം വാങ്ങിയാണ് തുക അടവാക്കിയത്. 8,43,600/- രൂപ മെയിന്റനൻസ് ഗ്രാന്റ് - റോഡിതരഫണ്ടും, തനതുഫണ്ടിൽനിന്നും 5,21,400/-

രൂപയുമടക്കം ആകെ 13,65,000/- രൂപ ഈ പ്രോജക്റ്റിൽ ചെലവു വന്നിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയിലേക്കുള്ള വെള്ളക്കരം കുടിശിക ഇനത്തിൽ 40,301/-രൂപ വികസനഫണ്ടിൽ നിന്നും തൻവർഷം കുറവു ചെയ്തിട്ടുമുണ്ട്. ഇപ്രകാരം ആകെ 14,05,301/- രൂപ വെള്ളക്കരം ഇനത്തിൽ തൻവർഷം പഞ്ചായത്തിന് ചെലവുണ്ട്. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്നതല്ലാതെ ടാപ്പുകളുടെ എണ്ണം കൃത്യമായി നിജപ്പെടുത്തിയല്ല തുക അടവാക്കിപ്പോരുന്നത്. 5250/- രൂപയാണ് ഗ്രാമപഞ്ചായത്തുകളിലെ ഒരു പൊതുടാപ്പിനുള്ള വാർഷിക വെള്ളക്കരമായി വാട്ടർ അതോറിറ്റി ഈടാക്കിവരുന്നത്. 2018-19 ലെ ആകെ വെള്ളക്കരം അടവു തുകയായ 13,65,000/- രൂപ കണക്കിലെടുത്താൽ 260 പൊതുടാപ്പുകൾക്കുള്ള വിഹിതമാണ് അടവാക്കിയതെന്ന് കാണാവുന്നതാണ് (260*5250=13,65,000). ഈ കണക്കു പ്രകാരം 14 വാർഡുകളും 12.33 ച.മീ വിസ്തീർണ്ണവുമുള്ള ഈ പഞ്ചായത്തിൽ ഒരു വാർഡിൽ ശരാശരി 18 ന മുകളിൽ പൊതു ടാപ്പുകൾ ഉണ്ടാകേണ്ടതാണ്. പ്രവർത്തനക്ഷമമായ ഇത്രയും പൊതു ടാപ്പുകൾ നിലവിലുണ്ടോയെന്ന് വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. ഇത്രയും ഭീമമായ തുക ആവർത്തനച്ചെലവ് വരുന്ന ഇനമായിട്ടും ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കില്ലാത്തത് അപാകതയാണ്. ആയതിനാൽ ടാപ്പുകളുടെ വിവരശേഖരണം നടത്തി ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടാപ്പുകൾ കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്യുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഈ വിഷയം 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും (ഖണ്ഡിക 3-1) ഇക്കാര്യത്തിൽ കാര്യമായ തുടർനടപടികളുണ്ടായിട്ടില്ല.

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള രണ്ട് പ്രോജക്റ്റുകൾ വഴി 2018-19ൽ 43 പേർക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പുതിയ കിണർ നിർമ്മാണത്തിന് 21 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും ഇതേ പ്രോജക്റ്റുകൾ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതുവഴി കുടിവെള്ളത്തിന് പൊതു ടാപ്പുകളെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയാൻ ഇടയാക്കിയിട്ടുണ്ടെന്ന് കരുതാവുന്നതാണ്. അനാവശ്യമായ പൊതുടാപ്പുകൾ ഒഴിവാക്കി, പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണത്തിനനുസരിച്ച് മാത്രം വെള്ളക്കരം അടവാക്കേണ്ടതാണ്. മേൽവിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ക്ഷമതയുള്ള എൻജിനീയറുടെ വാല്യൂവേഷൻ ലഭ്യമാക്കണം

2018-19 വർഷം തുറവൂർ ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ അടിയന്തിരസ്വഭാവത്തോടെ ചെയ്ത് തനത് ഫണ്ടിൽ നിന്ന് തുക നല്കിയിട്ടുണ്ട്.

1. <u>പ്രൊജക്റ്റ് നം. S0108/19- 51-ാം നമ്പർ അംഗൻവാടിക്ക് കുടിവെള്ളത്തിനായി കുഴൽക്കിണർ സ്ഥാപിക്കൽ</u>

2-ാം വാർഡിൽ 51-ാം നമ്പർ അംഗൻവാടിക്ക് കുടിവെള്ളത്തിനായി കുഴൽക്കിണർ സ്ഥാപിക്കുന്നതിനായി 15.02.2019ൽ ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച "മരിയ ഇലക്ട്രിക്കൽ വർക്ക്സ്" എന്ന സ്ഥാപനത്തിന്റെ ടെൻഡർ 16/02/2019ലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് 23/02/2019ാം തീയതി ടി സ്ഥാപനവുമായി കരാർ വെച്ച് പണി ഏല്പിച്ചു. മരിയ ഇലക്ട്രിക്കൽ വർക്ക്സ് 13/03/2019ൽ നല്കിയ 97,173/- രൂപയുടെ ഫൈനൽ ബിൽ പ്രകാരം നിയമാനുസൃത നികുതി കിഴിച്ച് 96,202/- രൂപ കരാർ സ്ഥാപനത്തിന് നല്കുകയുണ്ടായി. (വൗച്ചർ നം. 21801220/ 18.03.2019)

2. <u>പ്രൊജക്റ്റ് നം. S0107/19- കല്ലൂർപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി പമ്പ് സെറ്റ് സ്ഥാപിക്കൽ</u>

കല്ലൂർപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി പമ്പ് സ്ഥാപിക്കുന്നതിന് 1,26,443/- രൂപ നല്കിയിട്ടുണ്ട്. (വൗച്ചർ നം. 21801263 / 28.03.2019)

3. <u>പ്രൊജക്റ്റ് നം. S0164/19- കല്ലൂർപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പുനരുദ്ധാരണം</u>

കല്ലൂർപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ 91,010/- രൂപ നല്കിയിട്ടുണ്ട്.

(വൗച്ചർ നം. 21801263 / 28.03.2019)

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കുകയോ, ക്ഷമതയുള്ള എൻജിനീയറുടെ വാല്യുവേഷൻ സമർപ്പിക്കുകയോ ചെയ്തതായി ഫയലിൽ കാണുന്നില്ല. ഇലക്ട്രിക്കൽ പ്രവൃത്തികളിൽ വിശദമായ എസ്റ്റിമേറ്റോ, ടെൻഡർ ഷെഡ്യൂളുകളോ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഓരോ പ്രവൃത്തിയും ഏറ്റെടുത്ത കരാറുകാരൻ / സ്ഥാപനം നല്കുന്ന ഫൈനൽ ബില്ലിന്റെയോ, ഇൻവോയ്സിന്റെയോ അടിസ്ഥാനത്തിലാണ് സെക്രട്ടറി തുക നല്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 51-ാം നമ്പർ അംഗൻവാടിക്ക് കുഴൽക്കിണർ എന്ന പദ്ധതിക്കുവേണ്ടി 2016-ൽ ഭൂജലവകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി ചെയ്തതെന്നും, പ്രവൃത്തി പൂർത്തിയാക്കിയപ്പോൾ വാല്യുവേഷൻ എടുത്ത് നല്കുവാൻ ഭൂജലവകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും, ഭൂജലവകുപ്പ് അതിന് തയ്യാറാകാതെ വരികയും, പഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറും വാല്യുവേഷൻ നല്കുവാൻ തയ്യാറാകാതെയിരുന്നതിനാലുമാണ് സെക്രട്ടറി ബില്ലിന്റെ അടിസ്ഥാനത്തിൽ കരാറുകാരന്

തുക നല്കിയത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്. മറ്റ് പ്രവൃത്തികളിൽ ജില്ലാ പഞ്ചായത്ത് പാസ്സ ഓഫ് എൻജിനീയേഴ്സ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി ചെയ്തിരിക്കുന്നത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ/ ടെൻഡർ ക്ഷണിച്ച് നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ ക്ഷമതയുള്ള എൻജിനീയർ അളവ് പുസ്തകത്തിൽ പ്രവൃത്തി കാലികമായി രേഖപ്പെടുത്തി ഫൈനൽ ബില്ല് തയ്യാറാക്കിയോ, പ്രവൃത്തിയുടെ വാല്യൂവേഷൻ നടത്തി പ്രവൃത്തിമൂല്യം കണക്കാക്കിയോ വേണം തുക നൽകേണ്ടത് എന്ന നിബന്ധന പാലിക്കേണ്ടതാണ്.

# 1-18 എക്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ല

തുറവൂർ ഗ്രാമപഞ്ചായത്തിലെ "പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ" എന്ന പ്രൊജക്ടിന്റെ 21.11.2018ലെ ഇ-ടെൻഡറിൽ ശ്രീ.സാബു സെബാസ്റ്റിൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയിൽ നിന്ന് 0.6 % ശരാശരി കുറവിൽ ടെൻഡർ ചെയ്ത് 15.12.2018-ൽ പഞ്ചായത്തുമായി കരാർ വെച്ചു. ഈ പ്രൊജക്ടിൽ എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്ന് വ്യത്യാസമായി എക്സ്ട്രാ ഐറ്റമായി പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ എക്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരന് അധിക തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

# 1-19 തുടർ വിദ്യാഭ്യാസനടത്തിപ്പ് - നിരീക്ഷിക്കേണ്ടതാണ്

2018-19 ൽ സെക്രട്ടറി നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസനടത്തിപ്പ് പദ്ധതിയുടെ (പ്രോജക്ട് നം.42/19) ഭാഗമായി 30 പഠിതാക്കൾക്കുള്ള കോഴ്സ് ഫീസായി 67,200/- രൂപ കേരള സംസ്ഥാനസാക്ഷരത മിഷനിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ പ്രകാരം അടവാക്കിയിട്ടുള്ളതാണ്. ഇത്തരത്തിൽ കോഴ്സ് ഫീസ് അടച്ചിട്ടുള്ള പഠിതാക്കളിൽ 26 പേർ മാത്രമേ പരീക്ഷയ്ക്കു ഹാജരായിട്ടുള്ളൂ. കോഴ്സ് ഫീസ് അടവാക്കിയ പഠിതാക്കൾ എല്ലാവരും പരീക്ഷയ്ക്ക ഹാജരാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-20 പൈപ്പ് ലൈൻ എക്സ്ററൻഷൻ- സെന്റേജ് ചാർജ് അധികം നൽകി

**പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ (പ്രൊ.നം.നം.53/19)**

വർക്കിംഗ് ചാർജ്ജ് – 70,144.57രൂപ

സാധനങ്ങളുടെ വില – 41,940/- രൂപ

പബ്ലിക്കേഷൻ ചാർജ്ജ് – 9,000/- രൂപ

സെന്റേജ് ചാർജ് – 15,135.57രൂപ

ലംപ്സം – 779.86 രൂപ

ആകെ – 1,37,000/- രൂപ

പഞ്ചായത്തിലെ 7, 14 എന്നീ വാർഡുകളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ നടത്തുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് 1,37,000/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 1,37,000/-- രൂപയാണ് അടങ്കൽ തുക. പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.
2. സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 2.5% തുക അധികം നൽകിയിട്ടുണ്ട്. അധികം നല്കിയ 3,027/- രൂപ തിരികെ ഈടാക്കുകയോ മറ്റ് പ്രോജക്റ്റിലേക്ക് വക കൊള്ളിക്കുകയോ ചെയ്യേണ്ടതാണ്.

# 1-21 വീട് വാസയോഗ്യമാക്കൽ - പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S. 15-വീട് വാസയോഗ്യമാക്കൽ – പൊതുവിഭാഗം |
| നിർവ്വഹണം | വി.ഇ.ഒ |
| ആകെ അടങ്കൽ | 9,00,000/- (തനത് ഫണ്ട്) + 5,00,000/- (വികസന ഫണ്ട്-ജനറൽ) |

| ചെലവഴിച്ച തുക | 14,00,000/- |
|---|---|

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാമെന്ന് 13ാം പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. പൊതു വിഭാഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് പരമാവധി 1,00,000/-രൂപ വരെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യവേഷന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിപ്രകാരം നൽകാവുന്നതാണ്. തുറവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം പൊതുവിഭാഗം വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി 14,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ആകെ 70 ഗുണഭോക്താക്കൾക്കായി 20,000/- രൂപ വീതം നൽകുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്. ആകെ 14 വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഓരോ വാർഡിലും 5 വീതം ഗുണഭോക്താക്കൾക്ക് ആനുകൂല്യം കിട്ടത്തക്കവിധം പദ്ധതിതുക വിഭജിച്ച് നൽകിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇക്കാരണത്താൽ ഒരു ഗുണഭോക്താവിന് കേവലം 20,000/- രൂപ മാത്രമാണ് ലഭിച്ചത്. ഈ തുക കൊണ്ട് വാസയോഗ്യമല്ലാത്ത ഒരു വീടിനെ വാസയോഗ്യമാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അതു കൊണ്ടു തന്നെ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന ലക്ഷ്യം ഈ പദ്ധതി വഴി നേടിയെന്ന് കരുതാനാവില്ല. കൂടാതെ ഗുണഭോക്താക്കളുടെ എണ്ണക്കൂടുതൽ നിർവ്വഹണത്തിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഫീൽഡ് പരിശോധന നടത്തേണ്ട വി.ഇ.ഒ -യ്ക്കും മൂല്യനിർണ്ണയം നടത്തേണ്ട എഞ്ചിനിയറിംഗ് വിഭാഗത്തിനും ഇതുമൂലം അധിക ജോലിഭാരമുണ്ടാക്കുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ ആനുകൂല്യവും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കത്തക്ക വിധം പദ്ധതി നിർവ്വഹണം നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ലൈഫ് മിഷൻ ഭവനപദ്ധതി- അവലോകനം

തുറവൂർ ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ പൊതുവിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ 111 പേരും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ 74 പേരുമാണ് ഉള്ളത്. ഇതിൽ ഭൂരഹിത ഭവനരഹിതർക്കായി ഭൂമി വാങ്ങുന്നതിനുള്ള പദ്ധതിയോ ഭവനസമുച്ചയം നിർമ്മിക്കുന്നതിനോ ഉള്ള പദ്ധതിയൊന്നും നടപ്പാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ 160 സെന്റ് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടെങ്കിലും റവന്യൂ വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് എല്ലാവർക്കും ഭവനം എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനുള്ള ശ്രമങ്ങളുണ്ടാകേണ്ടതാണ്.

ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽപ്പെട്ട 3 പേർ മറ്റ് പഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോയിട്ടുണ്ട്. ബാക്കിയുള്ള 108 പേരിൽ 50പേർ മാത്രമാണ് നാളിതു വരെ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങിയിട്ടുള്ളത്. ഇതിൽ പുതുതായി കരാറിൽ ഏർപ്പെട്ട 6 പേരൊഴികെ 43 പേരുടേയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് (ആനി ജോസഫ് ) ആദ്യ രണ്ട്

ഗഡുക്കളായി 2,00,000/- രൂപ കൈപ്പറ്റിയെങ്കിലും സ്ഥലം വിൽക്കേണ്ട ആവശ്യം വന്നതിനാൽ തുടർന്ന് ധനസഹായം സ്വീകരിച്ചിട്ടില്ല. ഇവരിൽ നിന്നും 18,800/-രൂപ പലിശ സഹിതം മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടുണ്ട് (രസീത് നം 11901010038/03.4.2019-2,18,800/-രൂപ).

എസ്.സി വിഭാഗം ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 14 പേരിൽ 4 പേർ മാത്രമാണ് കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങിയിട്ടുള്ളത്. ആകെ ലക്ഷ്യമിട്ടതിൽ 14 ഗുണഭോക്താക്കൾ ഇനിയും അവശേഷിക്കുന്നു. ലൈഫ് മിഷൻ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള രേഖകൾ ഹാജരാക്കാത്തവർക്കാണ് ആനുകൂല്യം നൽകാത്തതെന്നാണ് ഇക്കാര്യത്തിന് വി.ഇ.ഒ മറുപടി നൽകിയത്. ലൈഫ് മിഷൻ പദ്ധതിയുടെ 2018-19 ലെ ചെലവ് വിവരം താഴെ ചേർക്കുന്നു.

<u>ലൈഫ് ഭവന നിർമ്മാണം – പൊതു വിഭാഗം</u>

| | ഗ്രാമ പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|
| ആകെ വകയിരുത്തിയത് | 34,20,400 | 50,00,000 | 40,00,000 | 3,07,79,600 | 4,32,00,000 |
| 2018-19 ൽ ലഭ്യമായ വിഹിതം | 34,20,400 | 6,00,000 | 13,54,560 | 40,82,890 | 94,57,850 |
| 2017-18 ൽ ലഭ്യമായ വിഹിതം ചെലവഴിച്ചത് (സ്പിൽ ഓവർ പദ്ധതി) | - | 35,00,000 | 6,82,150 | - | 41,82,150 |
| 2018-19 ൽ ആകെ ചെലവഴിച്ച തുക | 34,20,400 | 41,00,000 | 20,36,710 | 40,82,890 | 1,36,40,000 |

<u>ലൈഫ് ഭവന നിർമ്മാണം – എസ്.സി വിഭാഗം</u>

| | ഗ്രാമ ഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|
| ആകെ വകയിരുത്തിയത് | - | 16,00,000 | 12,00,000 | 4,40,000 | 4,32,00,000 |
| 2018-19 ൽ ലഭ്യമായവിഹിതം | - | 16,00,000 | 5,00,000 | - | 21,00,000 |
| 2018-19 ൽ ആകെ | - | 5,60,000 | 5,00,000 | - | 10,60,000 |

| | | | | | |
|---|---|---|---|---|---|
| ചെലവഴിച്ച തുക | | | | | |

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 എക്സ്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ല - അധികം നല്കിയ തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ |
| പ്രൊ.നമ്പർ | എസ് 163/19 |
| എസ്റ്റിമേറ്റ് PAC | 4,57,371/- |
| കോൺട്രാക്ടറുടെ പേര് | സാബു സെബാസ്റ്റിൻ |
| എഗ്രിമെന്റ് നമ്പർ- തീയതി | 47/AE/LSGD/TP/18-19 Dtd. 15.12.2018 |
| എഗ്രിമെന്റ് PAC | 4,54,627/- |
| എം- ബുക്ക് നമ്പർ | 477/18-19 |
| ആകെ ചെലവ് | 4,49,900/- (ട്രഷറിബിൽ നം. 47/18-19, തീയതി. 11.03.2019) |

തുറവൂർ ഗ്രാമപഞ്ചായത്തിലെ "പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ" എന്ന പ്രൊജക്ടിന്റെ 21.11.2018ലെ ഇ-ടെൻഡറിൽ ശ്രീ.സാബു സെബാസ്റ്റിൻ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് തുകയിൽ നിന്ന് 0.6 % ശരാശരി കുറവിൽ ടെൻഡർ ചെയ്ത് 15.12.2018-ൽ പഞ്ചായത്തുമായി കരാർ വെച്ചു. ഈ പ്രൊജക്ടിൽ എഗ്രിമെന്റ് ഷെഡ്യൂളിൽ നിന്ന് വ്യത്യാസമായി താഴെപ്പറയുന്ന ഇനങ്ങളിൽ എകസ്ട്രാ ഐറ്റമായി പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ എക്ട്രാ ഐറ്റം ചെയ്ത പ്രവൃത്തിയിനങ്ങളിൽ ശരാശരി ടെൻഡർ കുറവ് ബാധകമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഇനം | ഇനം | എസ്റ്റിമേറ്റ് | ക്വാട്ട് ചെയ്തത് | | അനുവദിച്ചത് | അനുവദി | അധികം |
|---|---|---|---|---|---|---|---|

| നം. | | പ്രകാരം , നിരക്കും | | | | ചെയ്ത അളവ് | | | ക്കാവുന്നത് | | | നല്കിയത് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | അളവ് | നിരക്ക് | നിരക്ക് | കുറവ് % | | നിരക്ക് | തുക | അളവ് | നിരക്ക് | തുക | |
| E1 | Steel Reinforcement | 9.815 kg | 82.18 /kg | 82.18 | 0.6 | 9.815kg | 82.18 | 806 | 9.815 | 81.69 | 801.79 | **4.81** |
| E2 | Wood Work | 0.229 m3 | 102226 | 102226 | 0.6 | 0.229 m3 | 102226 | 23418.91 | 0.229 | 101653 | 23279 | **139.91** |
| E3 | Panneling glazed shutters | 3.075 m2 | 2438.24 | 2438.24 | 0.6 | 3.075 | 2438.24 | 7498.08 | 3.075 | 2423.61 | 7453 | **45.08** |
| E4 | Vitrfied floor Tiles | 145.52 m2 | 1625.40 | 1625.40 | 0.6 | 145.52 | 1625.40 | 236528.21 | 145.52 | 1615.65 | 235109 | **1419.21** |
| **ആകെ** | | | | | | | | | | | | **1609** |

മേൽപ്പറഞ്ഞപ്രകാരം 1,609/- രൂപ അധികം നല്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുക തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നല്കിയ 1,609/- കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019 & 07.06.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(3)/2019 തീയതി 29.07.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്

# വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 4,00,000 | 05/19-ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 4,00,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 38,600 | 65/19-ക്ഷീരോൽ പാദകർക്ക് സബ്സിഡി | 38,600 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2018-19 | 22,00,000 | 193/19-ലൈഫ് മിഷൻ ഭവന പദ്ധതി | 11,60,000 | 10,40,000 |
| 4 | ജില്ലാ പഞ്ചായത്ത് | 2018-19 | 3,84,710 | 13/19-നെൽകൃഷിക്ക് കൂലിച്ചെലവ് | 3,84,710 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2017-18 | 35,00,000 | 135/19, 50/19-ലൈഫ് മിഷൻ ഭവന പദ്ധതി | 35,00,000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | 05/19-ഭിന്നശേഷി ക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 13,54,560 | 30/19-ലൈഫ് മിഷൻ ഭ വന പദ്ധതി | 13,54,560 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,40,000 | 121/19-ക്ഷീരോൽപാദ കർക്ക് സബ്സിഡി | 1,40,000 | 0 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 11,82,150 | 135/19, 110/19-ലൈഫ് മിഷൻ ഭവന പദ്ധതി | 11,82,150 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,00,000 | 125/18-ഗാർഹിക ബയോഗ്യാസ് പദ്ധതി | 1,40,000 | 3,60,000 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | NEFT | 24,611 | 0 | 24,611 |
| ,, | 178/19-വിവിധ വാർഡുകളിലെ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ,, | 1,38,250 | 69,125 | 69,125 |
| കേരള വാട്ടർ അതോറിറ്റി | 177/19-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 6,54,993 | 0 | 6,54,993 |
| ,, | 53/19-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 5,00,000 | 0 | 5,00,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41,05,345/-രൂപ വരവുണ്ട്. 2018-19 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|---|

| | ഉദ്ദേശ്യം | /തീയതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 480/2010/ തസ്വഭവ തീയതി 11.02.10 | 1,00,95,000 | 7,43,631 | 7,43,631 | 0 | 0 |
| 2 | ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്)നം 68/2018/ തസ്വഭവ തീയതി 18.05.18 | 41,05,345 | 0 | 0 | 0 | 41,05,345 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 53,08,456 |
| തൻവർഷം നിക്ഷേപിച്ച തുക | 4,26,268 |
| **ആകെ** | **57,34,724** |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 57,34,724 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തുറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 12.02.2019 | 6 മാസം | 57,34,724 | - |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 1050/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രശീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേര് | നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 3-4 | 1050 | മഡോണ ഓഫ്സെറ്റ് പ്രിന്റേഴ്സ് | 118010101322 തീയതി 16.07.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,20,88,349 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,05,72,767 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,609 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,609 | അനപ്രിയ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനുപ്രിയ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. വിഭാഗം, തുറവൂർ ഗ്രാമ പഞ്ചായത്ത് | ചാത്തുവേലിൽ വീട്, മേക്കാവ്, വാപ്പാലശ്ശേരി.പി.ഒ, അങ്കമാലി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989/തീയ്യതി 19/9/1989 |
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| [illegible] | [illegible] |

| | |
|---|---|
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി 3/3/1999 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി 21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി 1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |
| 2001-02 വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി 30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി 24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016 തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016 തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017 തീയതി.21/07/2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി.4)2043/2018 തീയതി. 02/11/2018 |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

.

.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി

കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംഗ്രഹം</u>

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. 2018-19 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Thuravoor Grama Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Thuravoor Grama Panchayat** for the year 2018-19 except the observations appended, properly presents the picture of

income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. The accounts of property tax in the Annual Financial Statement differ with the Sanchaya accounts.
2. The details of assets created during 2018-19 are not recorded in the Asset Register and included in AFS.

DEPUTY DIRECTOR